"ഭരണഭാഷ-മാതൃഭാഷ"

No.- DWCD/1214/2022-ICDSA6

വനിത ശിശുവികസന
ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 04/07/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ജൂലൈ 12-മലാല ദിനം- ആചരിക്കുന്നത് - സംബന്ധിച്ച്:-

സൂചന:- 1. വകുപ്പിലെ അഡിഷണൽ ഡയറക്ടറുടെ 29.06.2022 ലെ DWCD/20211/2021/WEC4 നം. കുറിപ്പ്

2. വനിതാ ശിശുവി.കസന ഡയറക്ടറുടെ 27.06.2022 ലെ മേൽ നം. സർക്കുലർ.

എല്ലാവർഷവും ജൂലൈ 12 ന ഐക്യരാഷ്ട്രസഭ നടത്തി വരുന്ന മലാല ദിനാചരണം ഈ വർഷം സംസ്ഥാനത്തും നടത്തേണ്ടതുണ്ടെന്നും, സംസ്ഥാനത്തെ കൗമാരക്കാരായ പെൺകുട്ടികളുടെ ക്ലബ് വഴി നൽകി വരുന്ന വിവിധ ബോധവൽക്കരണ ക്ലാസ്സുകളിൽ ഉൾപ്പെടുത്തി മലാല ദിനവുമായി ബന്ധപ്പെട്ട പരിപാടികൾ സംഘടിപ്പിക്കേണ്ടതാണെന്നും സൂചന (1) പ്രകാരം അറിയിച്ചിട്ടുണ്ട്.

നടപ്പ് വർഷം വകുപ്പ് മുഖേന കൗമാരക്കാർക്ക് വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നല്കുന്നതിലേയ്ക്ക് സൂചന (2) പ്രകാരം ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ ബോധവൽക്കരണ ക്ലാസ്സുകളിൽ ഉൾപ്പെടുത്തി വരുന്ന ജൂലൈ 12 മലാല ദിനത്തിൽ പെൺകുട്ടികൾക്കിടയിലെ ശൈശവ വിവാഹം, പഠനത്തിലെ കൊഴിഞ്ഞുപോക്ക്, പഠനം നേടിയിട്ടും തൊഴിൽ പങ്കാളിത്തവും, സാമ്പത്തികമായ സ്വയം പര്യാപ്തതയും കൈവരിക്കാത്ത അവസ്ഥ എന്നിവ ചർച്ച ചെയ്യുവാനും, സ്ത്രീസൗഹൃദ സമൂഹം സാധ്യമാക്കുന്നതിന് കൗമാരക്കാരെ പര്യാപ്തമാക്കുന്നതിനാവശ്യമായ തുടർനടപടികൾ സ്വീകരിക്കുവാനും നിർദേശിക്കുന്നു. ഇതിനായി പ്രത്യേകം ഫണ്ട് വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ സൂചന (2) സർക്കുലറിലെ നിർദേശ പ്രകാരമുള്ള രീതിയിൽ മറ്റു വകുപ്പുകൾ / സംഘടനകളുടെ സഹകരണത്തോടെ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ് . മലാല ദിനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

(signature)

ഫോ വ.ശി.വി. ഡയറക്ടർ

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർക്കു വേണ്ടി

പകർപ്പ്
എല്ലാ ശിശുവികസന പദ്ധതി ഓഫിസർമാർക്കും